**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3324 14.03.2018-ൽ മറുപടിക്ക്**

**<u>പാലക്കാട് ജില്ലാ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ്</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലാ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; യൂണിറ്റ് എന്നത്തേക്ക് പ്രവർത്തക്ഷമമാകുമെന്ന് അറിയിക്കാമോ? | (എ) | പാലക്കാട് ജില്ലാ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിന്റെ, പൊതുമരാമത്ത് വകുപ്പ് വഴി നടത്തുന്ന, നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. എങ്കിലും ഒ.പി. രോഗികൾക്കായുള്ള ഒരു പ്രത്യേക ഗേറ്റും ഒരു ഒബ്സർവേഷൻ വാർഡും ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകേണ്ടതായുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കൈമാറികിട്ടുന്ന മുറയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനായി ആവശ്യമായ ജീവനക്കാരെ ധനകാര്യ വകുപ്പിന്റെ കൂടി അനുമതി ലഭിക്കുന്ന മുറയ്ക്ക് നിയമിച്ച് പ്രവർത്തനക്ഷമമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**